## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 3232** 07.11.2019 -ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കാസർഗോഡ്:- സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി ഘട്ടം IV<br>2. സംസ്ഥാനതല പദ്ധതി:- ലക്ഷം വീട് ബമ്പർ ലോട്ടറിയുടെ അറ്റാദായം ഉപയോഗിച്ചുള്ള ലക്ഷം വീടുകളുടെ (154 എണ്ണം) പുനർ നിർമ്മാണം നടത്തി വരുന്നു.<br>കൂടാതെ വയനാട് - വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മാന്തവാടി പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാന നിർമ്മിതി കേന്ദ്രം 2019-20 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 30 ഭവന യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു സമുച്ചയത്തിന് അനുമതി നൽകിയിട്ടുണ്ട്. |

Subha

സെക്ഷൻ ഓഫീസർ